ബൈബിൾ ചിത്രകഥ 36

# വരാനിരുന്നവൻ

MAR LOUIS PUBLICATIONS



# വരാനിരുന്നവൻ

ഇസ്രയേൽജനം നൂറ്റാണ്ടുകളായി ഒരു രക്ഷകനെ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ആരായിരിക്കും ആ രക്ഷകൻ, അദ്ദേഹം വന്ന് എന്തു ചെയ്യും എന്നതിനെക്കുറിച്ചു പലവിധത്തിലുള്ള വിശ്വാസങ്ങളും പ്രതീ-ക്ഷയുമാണ് അവരുടെ ഇടയിൽ നിലവി-ലിരുന്നത്. ദാവീദിന്റെ വംശത്തിൽ ജനിക്കുന്ന ഒരു രാജാവു ജെറുസലേമിനെ കേന്ദ്രമാക്കി ഒരു സാമ്രാജ്യം സ്ഥാപിക്കും എന്നും ചിലർ വിശ്വസിച്ചപ്പോൾ മറ്റുചിലർ

ജനത്തിന് മോചനം നൽകിയ മോശയെപ്പോലെ ഒരു പ്രവാചകനെയാണു കാത്തിരുന്നത്. ഇനിയും വേറൊരു കൂട്ടർ ഏലിയാ മടങ്ങിവന്ന് എല്ലാവരെയും അനുതാപത്തിന് ആഹ്വാനം ചെയ്യും എന്നും വിശ്വസിച്ചു. ഏലിയായ്ക്കു പിന്നാലെ ലോകത്തിന്റെ മേൽ വിധി നടപ്പിലാക്കാൻ കർത്താവ് തന്നെ വരുമെന്നും അവർ പഠിപ്പിച്ചു.

സ്നാപക യോഹന്നാന്റെ പ്രസംഗങ്ങളിൽ നിന്ന് വരാനിരിക്കുന്നവനെക്കുറിച്ച്

വിധിയാളന്റെ ചിത്രമാണു ലഭിക്കുക. എന്നാൽ യേശുവിന്റെ പഠനവും പ്രവർത്തിയും പ്രത്യക്ഷത്തിൽ വിധി പ്രസ്താപിക്കുന്നതായിരുന്നില്ല. താൻ ശിക്ഷ വിധിക്കാനല്ല രക്ഷിക്കാനാണു വന്നിരിക്കുന്നത് എന്ന് യേശു തന്നെ ആവർത്തിച്ച് പറയുകയും ചെയ്തു. അതിനാൽ തനിക്കു പിന്നാലെ വരുന്നു എന്നു സ്നാപകൻ പറഞ്ഞത് യേശുവിനെക്കുറിച്ചുതന്നെയാണോ എന്ന് സ്നാപക ശിഷ്യന്മാർക്കു സംശയമുണ്ടാ-

വുക തികച്ചും സ്വാഭാവികമാണ്. ഈ ചോദ്യം അവർ തന്നെ യേശുവിനോടു ചോദിക്കുകയും ചെയ്തു.

ഇസ്രായേൽ ജനത്തിന്റെ എല്ലാ പ്രതീക്ഷകളേയും അതേപടി പൂർത്തിയാക്കുകയല്ല യേശു ചെയ്തത്. യേശുവിലൂടെ ദൈവം നൽകുന്ന രക്ഷ സ്വീകരിക്കാൻ മാനസാന്തരവും വിശ്വാസവും ആവശ്യമാണ്. ഇതിനു യഹൂദ നേതാക്കൾ തയ്യാറായില്ല. മറിച്ച് അവർ യേശുവിനെ എതിർക്കുകയും വധിക്കാൻ

ആലോചിക്കുകയുമാണ് ചെയ്തത്. ഈ സാഹചര്യത്തിൽ യേശു ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത് പന്ത്രണ്ടു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തുകൊണ്ടു തന്റെ സഭയ്ക്ക് അടിസ്ഥാനമിട്ടു.

ദീർഘമായ പ്രാർത്ഥനയ്ക്കു ശേഷമാണ് യേശു ഇപ്രകാരമൊരു തീരുമാനമെടുത്തത്. സുപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പേ യേശു ഏറെ സമയം പ്രാർത്ഥനയിൽ ചെലവഴിച്ചിരുന്നു.

ഇത് നമുക്ക് ഒരു മാതൃകയാണ്. തന്റെ ശിഷ്യസമൂഹത്തിനുണ്ടായിരിക്കേണ്ട ചൈതന്യവും ജീവിതശൈലിയും വിശദീകരിക്കുന്നതാണ് മലയിലെ പ്രസംഗം.

യേശുവിന്റെ വരവോടുകൂടി ദൈവരാജ്യം ഈ ഭൂമിയിൽ ആരംഭിച്ചുകഴിഞ്ഞു. ദൈവം സൗജന്യമായി നൽകുന്ന രക്ഷ സ്വീകരിക്കാനായി പുതിയൊരു മനോഭാവം നമുക്കുണ്ടാകണം. ശത്രുക്കളെപ്പോലും സ്നേഹിക്കാനും തിരിച്ചു കിട്ടുമെന്ന പ്രതീക്ഷ കൂടാതെ കടം കൊടുക്കാനും

എല്ലാവരോടും കരുണ കാണിക്കാനും യേശു പഠിപ്പിച്ചു. ദൈവരാജ്യത്തിൽ ജാതിയുടെയും വർഗ്ഗത്തിന്റെയും മറ്റും പേരിലുള്ള വ്യത്യാസങ്ങളില്ല. എല്ലാവരും സഹോദരങ്ങളാണ്. റോമാക്കാരും ചുങ്ക-ക്കാരും യഹൂദരും എല്ലാം സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളാണ്; അതിനാൽ സഹോദരങ്ങളുമാണ്.

പാപികൾക്കു മോചനവും രോഗിക-ൾക്കു സൗഖ്യവും മരിച്ചവർക്കു ജീവനും നൽകിക്കൊണ്ടു വരാനിരുന്നവൻ താൻ

തന്നെയാണെന്ന് യേശു വെളിവാക്കി. തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവ നുണ്ടെന്നും അവരെ താൻ അന്തിമനാളിൽ ഉയർപ്പിക്കുമെന്നും യേശു പഠിപ്പിച്ചു. പഴയ നിയമത്തിനു നൽകാൻ കഴിയാതിരുന്ന പാപമോചനവും നിത്യജീവനും യേശു നൽകുന്നു. ഇപ്രകാരമുള്ള യേശുവിന്റെ പഠനവും പ്രവർത്തിയും പാപികൾക്കും ദരിദ്രർക്കും വലിയ സന്തോഷം പ്രദാനം ചെയ്തു. അവർ യേശുവിൽ വിശ്വസിച്ചു. യേശുവിനെ സ്നേഹിച്ചു. എന്നാൽ

തങ്ങൾ വിശുദ്ധരും മറ്റുള്ളവരെക്കാൾ മെച്ചപ്പെട്ടവരും ആണെന്ന് കരുതിയിരുന്ന നേതാക്കന്മാർക്ക് ഇത് മനസ്സിലാക്കാനോ സ്വീകരിക്കാനോ കഴിഞ്ഞില്ല. അവർ തങ്ങളുടെ സംശയങ്ങളും ചോദ്യങ്ങളു-മായി തുടർന്നു.

# ബൈബിൾ ചിത്രകഥ-36

# യേശുക്രിസ്തു -6

# വരാനിരുന്നവൻ

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

യഹൂദ നേതാക്കന്മാർ എതിർത്തെങ്കിലും യേശുവിന്റെ കീർത്തി പാലസ്തീനായ്ക്കു പുറത്തുപോലും വ്യാപിച്ചു. അനുയായികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വന്നു. സ്നാപകന്റെ ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനെ സന്ദർശിക്കാൻ തടവറയിലേക്ക് വന്നു.




അവനെയാണു നിങ്ങൾ അനുഗമിക്കേണ്ടതെന്നു ഞാൻ പറഞ്ഞതല്ലേ. അവൻ ജനഹൃദയങ്ങളിൽ വളരുകയും ഞാൻ ക്ഷയിച്ച് ഇല്ലാതാവുകയും ചെയ്യണം.


പക്ഷേ അങ്ങു പറഞ്ഞ രീതിയിലൊന്നുമല്ല യേശു പ്രസംഗിക്കുന്നതും പ്രവർത്തിക്കുന്നതും.
അഗ്നിയും വീശുമുറവുമായി വരുന്നയാളെ-ക്കുറിച്ചല്ലേ അങ്ങു പഠിപ്പിച്ചത്?
യേശുവാകട്ടെ സ്നേഹത്തെയും കരുണയെയും കുറിച്ചു മാത്ര-മാണു പ്രസംഗിക്കുന്നത്.
!


ചുങ്കക്കാരെയും, പാപികളെയും, വിജാതീയരെയുമെല്ലാം അവൻ ശിഷ്യരായി സ്വീകരിക്കുന്നു.
അങ്ങയുടെ ശബ്ദത്തിന്റെ തീവ്രത അവനില്ല. ശകാരിക്കുന്നെങ്കിൽത്തന്നെ അതു വിജാതീയരെയല്ല, നമ്മുടെ നേതാക്കന്മാരെയാണ്.
വരാനിരിക്കുന്നവൻ യേശു തന്നെയാണോ?


ഇനിയും നിങ്ങൾക്കു വിശ്വാസമാകുന്നില്ലെങ്കിൽ ചെന്നു നേരിട്ടു ചോദിക്കുവിൻ. ഞാൻ അയച്ചതാണെന്ന് പറയുവിൻ.

അന്നൊരു ദിവസം യേശു ശിഷ്യന്മാരോടൊപ്പം ഒരു മലയിലേക്കു പോയി. രാത്രി മുഴുവൻ അവൻ പ്രാർത്ഥനയിൽ ചെലവഴിച്ചു.





ഗുരു ഇന്ന് അസാധാരണമായി അസ്വസ്ഥനായിരിക്കുന്നു.
മതനേതാക്കന്മാരെല്ലാം എതിർക്കുകയല്ലേ. അവർ ഗുരുവിനെതിരെ ഗൂഢാലോചന-കൾ ആരംഭിച്ചിട്ടുണ്ടെന്നാണ് കേൾക്കുന്നത്.
ഗുരുവിന്റെ ദേഹത്ത് ഒരു പോറൽ പോലും വീഴിക്കാൻ ഞങ്ങൾ സമ്മതിക്കില്ല.


ഗുരുനാഥൻ എന്തോ വലിയ തീരുമാനമെടുക്കാൻ ശ്രമിക്കുന്നതു പോലെ തോന്നുന്നു.

പ്രഭാതമായപ്പോൾ യേശു തന്റെ ശിഷ്യരെ അടുത്തു വിളിച്ച് അവരിൽനിന്ന് പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു. അവർക്ക് അപ്പസ്തോലന്മാർ എന്നു പേരു നൽകി.



യേശുവിന്റെ വാക്കുകൾ കേൾക്കാനും രോഗശാന്തി നേടാനുമായി വന്ന വലിയൊരു ജനക്കൂട്ടം മലയുടെ താഴ്വാരത്തിൽ കാത്തുനിന്നു. വിദൂരത്തു  നിന്നു വന്ന വിജാതീയരും ജറുസലേമിൽനിന്നു വന്ന മതനേതാക്കളും ആ കൂട്ടത്തിലുണ്ടായിരുന്നു.




അതാ അദ്ദേഹം വരുന്നു.
ഉദിച്ചുയരുന്ന സൂര്യനെപ്പോലെ ആ മുഖം തിളങ്ങുന്നു.
ദൈവത്തിന്റെ സ്നേഹവും കാരുണ്യവും മുഴുവൻ ആ മുഖത്ത് കാണാം.
എന്താണദ്ദേഹം അവിടെ നിൽക്കുകയാണോ.


അൽപം ഉയർന്ന ഒരു സ്ഥലത്ത് യേശു ഇരുന്നു. ജനക്കൂട്ടത്തെ തന്റെ അടുക്കലേക്കു വിളിച്ചു.
ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ!
ഗുരു എന്താണീ പറയുന്നത്? ശാപമാണെന്നല്ലേ നമ്മളെ പഠിപ്പിച്ചിട്ടുള്ളത്?
മിണ്ടാതിരുന്നു കേൾക്കൂ! സ്വർഗത്തിൽ നിന്നു മുഴുങ്ങുന്ന ശബ്ദമല്ലേ അത്?


ദൈവരാജ്യം നിങ്ങളുടേതാണ്.


ഇപ്പോൾ വിശപ്പ്
സഹിക്കുന്നവരേ
നിങ്ങൾ ഭാഗ്യവാന്മാർ.
നിങ്ങൾ
തൃപ്തരാക്കപ്പെടും.


ഇപ്പോൾ
കരയുന്നവരേ നിങ്ങൾ
ഭാഗ്യവാന്മാർ, നിങ്ങൾ
ചിരിക്കും.


കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.
ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.


സമാധാനം സ്ഥാപിക്കുന്നവർ
ഭാഗ്യവാന്മാർ. അവർ ദൈവപുത്രന്മാർ
എന്നു വിളിക്കപ്പെടും.
!!!


നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടെതാണ്.


എന്നെപ്രതി മനുഷ്യർ
നിങ്ങളെ
അവഹേളിക്കുകയും
പീഡിപ്പിക്കുകയും
സമൂഹത്തിൽനിന്നു പുറ
ത്താക്കുകയും ചെയ്യുമ്പോൾ
നിങ്ങൾ ഭാഗ്യവാന്മാർ.


ആനന്ദിക്കുവിൻ, സന്തോഷിച്ചു കുതിച്ചു ചാടുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.


എന്നാൽ
ധനികരേ നിങ്ങൾക്കു ദുരിതം.
നിങ്ങളുടെ ആശ്വാസം നിങ്ങൾ
പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു.
ഇപ്പോൾ ചിരിക്കുന്നവരെ
നിങ്ങൾക്കു ദുരിതം. നിങ്ങൾ
ദുഃഖിച്ചു കരയും.


ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. പീഡിപ്പിക്കുന്ന വർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ.
ഒരു ചെകിടത്തടിക്കുന്നവനു മറ്റേ ചെകിടു കൂടി കാണിച്ചുകൊടുക്കുവിൻ.
നിന്റെ മേലങ്കി പിടിച്ചുപറിക്കുന്നവനു കുപ്പായം കൂടി കൊടുത്തേക്കുക.


ഒരു ചെകിടത്തടിക്കുന്നവനു മറ്റേ ചെകിടു കൂടി കാണിച്ചുകൊടുക്കുവിൻ.
നിന്റെ മേലങ്കി പിടിച്ചുപറിക്കുന്നവനു കുപ്പായം കൂടി കൊടുത്തേക്കുക.






മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ തന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ.
തിരിച്ചുകിട്ടും എന്നു പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു നന്മ ചെയ്യുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും.




നിങ്ങളെ
സ്നേഹിക്കുന്നവരെ മാത്രമേ
നിങ്ങൾ സ്നേഹിക്കുന്നുള്ളൂ
എങ്കിൽ നിങ്ങൾക്ക് എന്ത്
മേന്മയാണുള്ളത്?


നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ്
കരുണയുള്ളവനായിരിക്കുന്നതു
പോലെ നിങ്ങളും
കരുണയുള്ളവരായിരിക്കുവിൻ.


എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അതനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ വീടു പണിത വിവേകമതിയായ മനുഷ്യനു തുല്യം.


മഴപെയ്തു വെള്ളപ്പൊക്കമുണ്ടായി .  കാറ്റടിച്ചു. ആ വീടു  വീണില്ല. കാരണം അടിത്തറ പാറമേലായിരുന്നു.


എന്നാൽ എന്റെ
വാക്കു കേട്ടിട്ട്
അനുസരിക്കാത്തവൻ മണ
ൽപ്പുറത്തു വീടു പണിത
ഭോഷനെപ്പോലെയാണ്. ആ
വീടു വീണു പോകും.


യേശു പ്രസംഗം അവസാനിപ്പിച്ചപ്പോൾ.
എത്ര മനോഹരമായ വാക്കുകൾ.
ദൈവത്തെക്കുറിച്ച് ആരും ഇതുപോലെ നമുക്കു പറഞ്ഞുതന്നിട്ടില്ല.
ഇത് ദൈവത്തിന്റെ തന്നെ വചനങ്ങളാണ്, സംശയമില്ല.
ദൈവമല്ലാതെ മറ്റാരാണ് ദരിദ്രർക്കു സ്വർഗ്ഗരാജ്യം നൽകുക!


അവിടെയുണ്ടായിരുന്ന രോഗികളെയെല്ലാം യേശു സുഖപ്പെടുത്തി.
കർത്താവിനു സ്തോത്രം. മുടന്തനായിരുന്ന എനിക്ക് ഊന്നുവടിയില്ലാതെ ഇല്ലാതെ നടക്കാം.
കുരുടനായി ജനിച്ച എനിക്കു കാഴ്ച തന്ന കർത്താവേ, അങ്ങേയ്ക്കു സ്തോത്രം.

അപ്പോൾ റോമാക്കാരനായ ശതാധിപൻ യേശുവിനെ കാണാൻ വന്നു.




നമ്മുടെ ജനത്തിന്റെ ശത്രുക്കളാണിവർ. വരുവിൻ, ഇവരുടെ കഥ കഴിക്കണം.
ഗുരു പറഞ്ഞതു മറന്നോ? ശത്രുക്കളെ സ്നേഹിക്കുവിനെന്ന്.


നമ്മെ അടിമകളാക്കി നിരന്തരം ദ്രോഹിക്കുന്ന റോമക്കാരെ സ്നേഹിക്കാനോ?
പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാനല്ലേ ഗുരു പഠിപ്പിച്ചത്.


യേശു ശതാധിപന്റെ അടുക്കലേക്ക് വന്നു.
!!!?
ഗുരോ, ഒരു റോമൻ പടയാളിയെന്ന നിലയിൽ അർഹനല്ല എന്നറിയാം. എങ്കിലും അങ്ങയുടെ കരുണ യാചിക്കാനാണു ഞാൻ വന്നത്.
പിതാവിന്റെ കരുണയ്ക്ക് അതിരുകളില്ല. പറയൂ, എന്താണ് വേണ്ടത്?


മകനെപ്പോലെ ഞാൻ സ്നേഹിക്കുന്ന എന്റെ ഒരു ഭൃത്യൻ മരണാസന്നനായി കിടക്കുന്നു. അങ്ങു ദയതോന്നി തോന്നി അവനെ സുഖപ്പെടുത്തണം.
തീർച്ചയായും, ഞാൻ നിന്റെ വീട്ടിലേക്കു വരാം.


കർത്താവേ, അങ്ങയെ എന്റെ വീട്ടിൽ സ്വീകരിക്കാനുള്ള യോഗ്യത എനിക്കില്ല.


അങ്ങ് ഒരു വാക്ക് ഉച്ചരിച്ചാൽ മതി. എന്റെ ഭൃത്യൻ സുഖം പ്രാപിക്കും.
സമാധാനത്തോടെ പോകൂ. നിന്റെ വിശ്വാസം നിന്റെ ഭൃത്യനെ സുഖപ്പെടുത്തിയിരിക്കുന്നു.
!


ശതാധിപൻ പോയിക്കഴിഞ്ഞപ്പോൾ.
വിജാതീയരെന്ന് നിങ്ങൾ വിളിക്കുന്ന ആ പടയാളി പറഞ്ഞത് കേട്ടോ? ഇസ്രായേലിൽ പോലും ഇതുപോലുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല.


അവൻ റോമക്കാരെ പ്രീതിപ്പെടുത്താൻ ശ്രമിക്കുകയാണ്.

യേശുവിന്റെ പ്രസംഗം കേൾക്കാൻ വന്നവരുടെ കൂട്ടത്തിൽ സ്നാപകന്റെ ശിഷ്യന്മാരും ഉണ്ടായിരുന്നു. അവർ യേശുവിനെ സമീപിച്ചു.




നിങ്ങൾ ഇവിടെ കാണുകയും കേൾക്കുകയും ചെയ്യുന്നത് യോഹന്നാനോട് പറയുവിൻ. കുരുടർ കാണുന്നു, ചെകിടർ കേൾക്കുന്നു.


....മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ സുഖപ്പെടുന്നു, മരിച്ചവർ ഉയർപ്പിക്കപ്പെടുന്നു, ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു.


എന്നിൽ ഇടർച്ചയുണ്ടാകാത്തവൻ ഭാഗ്യവാൻ.
!!

സ്നാപകശിഷ്യന്മാർ പോയപ്പോൾ യേശു ജനക്കൂട്ടത്തോട്.





അല്ലെങ്കിൽ മൃദുല വസ്ത്രം ധരിച്ച് ആഡംബരത്തിൽ കഴിയുന്നവനേയോ?
അങ്ങനെയുള്ളവർ അരമനകളിലാണ് ജീവിക്കുന്നത്.




പിന്നെ എന്തു കാണാനാണ് നിങ്ങൾ പോയത്? പ്രവാചകനെയോ?


"നിനക്കു മുമ്പേ വഴിയൊരുക്കാൻ എന്റെ ദൂതനെ ഞാൻ അയക്കും" എന്ന് എഴുതപ്പെട്ടിരിക്കുന്നത് ഇവനെപ്പറ്റിയാണ്.


സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല. എങ്കിലും ദൈവരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാണ്.
?!!

ഫരിസേയർ തമ്മിൽ സംഭാഷണം.



യേശു അവിടെ നിന്നു പുറപ്പെട്ടു. ശിഷ്യന്മാരോടൊപ്പം
നായിൻ പട്ടണത്തിന്റെ അടുത്തെത്തി.




കരയേണ്ടാ.
കരയാതിരിക്കാനാവുമോ? ഭർത്താവു മരിച്ചിട്ട് ഒരു വർഷമായില്ല. ഇപ്പോൾ ഏകാശ്രയമായ മകനും.
ദൈവം എന്തിനിങ്ങനെ ക്രൂരത കാട്ടുന്നു?


യുവാവേ
എഴുന്നേൽക്കൂ!


അത്ഭുതം! ഇതാ ഒരു വലിയ പ്രവാചകൻ.
ഏലിയാ പ്രവാചകനെപ്പോലെ! ദൈവം നമ്മെ സന്ദർശിച്ചിരിക്കുന്നു.


കർത്താവേ, അങ്ങേക്ക്
സ്ത്രോത്രം, ദൈവം
കരുണയുള്ളവനാണ്.

യേശു ശിഷ്യന്മാരോടുകൂടെ ജറുസലേമിലേക്കു പോയി. അവിടെ ബേത്സെയ്ദാ എന്നു പേരായ കുളത്തിന്റെ അടുത്തെത്തി.




ദിവസംതോറും ഒരു മാലാഖ വന്നു കുളത്തിലെ വെള്ളം ഇളക്കും. അത് കഴിഞ്ഞു ആദ്യം വെള്ളത്തിൽ ചാടുന്നയാളിന്റെ സകല രോഗവും മാറും.
വെള്ളത്തിൽ ചാടാൻ കഴിവില്ലാത്തവരോ?


ആരെങ്കിലും എടുത്തെറിയും.
അപ്പോൾ സ്വന്തം കഴിവോ, സഹായിക്കാനാളോ ഉള്ളവർക്കേ ഇവിടെ സൗഖ്യം കിട്ടൂ?
അതാ കിടക്കുന്നു, ഒരു തളർവാത രോഗി.


ദീർഘനാളായി തളർവാതം ബാധിച്ച ഒരാൾ അവിടെ കിടപ്പുണ്ടായിരുന്നു. യേശു അയാളെ സമീപിച്ചു.
സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?
!!!
കർത്താവേ, വെള്ളം ഇളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ എനിക്കാരുമില്ല. ഞാൻ നിരങ്ങിയെത്തുമ്പോഴേക്കും ആരെങ്കിലും വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും.


നിന്റെ
കിടക്കയുമെടുത്ത്
വീട്ടിലേക്ക് പോകൂ.




കിടക്കയുമെടുത്തു നടന്ന അയാളെ ഫരിസേയർ തടഞ്ഞുനിർത്തി.
നിൽക്കവിടെ. ഇന്നു സാബത്താണെന്നു നിനക്കറിയില്ലേ?
സാബത്തിൽ ചുമടെടുക്കുന്നത് നിയമലംഘനമാണ്.
സാബത്തോ? നിയമലംഘനമോ?


മുപ്പത്തിയെട്ടു വർഷം ഞാൻ ഈ കുളക്കരയിൽ തളർന്നു കിടന്നപ്പോൾ എവിടെയായിരുന്നു നിങ്ങളും നിങ്ങളുടെ നിയമവും?


എണീറ്റു നടക്കാറായപ്പോൾ വന്നിരിക്കുന്നു നിയമവുമായിട്ട്. ലജ്ജയില്ലേ നിങ്ങൾക്ക്?
ആരാണു നിന്നെ സുഖപ്പെടുത്തിയത്?


അയാൾ തന്നെയാണ് എന്നോട് കിടക്കയും എടുത്തു  വീട്ടിൽ പോകാൻ പറഞ്ഞത്.
അത് ശരി! ആരാണയാൾ?


ആരും സഹായത്തിനില്ലാതെ തളർന്നു കിടന്ന എന്നെ സുഖപ്പെടുത്താനായി ദൈവം അയച്ചതാണ് അയാളെ.
നിന്റെ പ്രസംഗം ഞങ്ങൾക്കു കേൾക്കേണ്ട. അയാളുടെ പേര് പറയൂ.
എനിക്കറിയില്ല.

ദേവാലയത്തിൽവച്ചു യേശു അയാളെ
വീണ്ടും കണ്ടുമുട്ടി.




യേശുവാണ് തന്നെ സുഖപ്പെടുത്തിയതെന്ന് അയാൾ ഫരിസേയരെ അറിയിച്ചു.
രോഗിക്കു സൗഖ്യം നല്കുന്നതാണോ നിയമലംഘനം?
സാബത്ത് ലംഘനം വലിയ പാപമാണെന്നു നിനക്കറിയില്ലേ?
മറ്റുള്ളവരെ പാപം ചെയ്യാൻ നീ പ്രേരിപ്പിക്കുകയാണ്.


വിശ്രമിക്കേണ്ട ദിവസം കിടക്കയും എടുത്തു നടക്കാൻ നീയാണോ അയാളോടു കൽപ്പിച്ചത്?
!?
അയാൾ മുപ്പത്തെട്ടു വർഷം കുളക്കരയിൽ കിടന്നു വിശ്രമിച്ചതു പോരേ?


രോഗശാന്തി സാബത്തു ദിവസം തന്നെ വേണമെന്ന് നിർബന്ധമുണ്ടോ?
അടിമകൾക്കു മോചനം നൽകേണ്ട ദിവസമാണ് സാബത്ത്.


എന്റെ പിതാവ് ഇപ്പോഴും പ്രവർത്തന നിരതനാണ്. അതു പോലെ ഞാനും പ്രവർത്തിക്കുന്നു.
എന്ത്? ദൈവം നിന്റെ പിതാവാണെന്നോ?
!!


സ്വന്തം ഇഷ്ടമനുസരിച്ചല്ല, പിതാവ് എന്നെ ഏൽപ്പിച്ചിരിക്കുന്ന ജോലി മാത്രമാണു  ഞാൻ ചെയ്യുന്നത്. ആ പ്രവർത്തികൾ തന്നെ എനിക്ക് സാക്ഷ്യം വഹിക്കുന്നു.


മരിച്ചവർക്കു പിതാവു ജീവൻ നൽകുന്നതു പോലെ പുത്രനും താൻ ഇച്ഛരിക്കുന്നവർക്കു ജീവൻ നൽകുന്നു.


മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വന്നു കഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും.
ഇതു ദൈവദൂഷണമാണ്


നിങ്ങൾ വിശുദ്ധ ലിഖിതങ്ങൾ പഠിക്കുന്നില്ലേ. അവ എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ നിങ്ങൾ വിശ്വസിക്കുന്നില്ല.

ജെറുസലെമിലെ നേതാക്കന്മാർ യേശുവിൽ വിശ്വസിക്കുന്നതിനു പകരം അവനെ വധിക്കാൻ ആലോചിക്കുകയാണു ചെയ്തത്. യേശു ഗലീലിയിൽ തിരിച്ചെത്തിയപ്പോൾ ശിമയോൻ എന്ന ഒരു ഫരിസേയൻ അവനെ വിരുന്നിനു ക്ഷണിച്ചു.




താങ്കൾ പറഞ്ഞതു ശരി. ആകട്ടെ ഉപവാസത്തെക്കുറിച്ച് എന്തു പറയുന്നു?
യോഹന്നാൻ വന്നു. അവൻ അപ്പം തിന്നില്ല, വീഞ്ഞു കുടിച്ചില്ല. അപ്പോൾ നിങ്ങൾ പറഞ്ഞു അവന് ഭ്രാന്താണെന്ന്.


ഞാൻ ഭക്ഷിക്കുന്നു, പാനം ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ പറയുന്നു ഞാൻ തീറ്റ കൊതിയനും വീഞ്ഞുകുടിയനും ആണെന്ന്.
ഞങ്ങൾ ആരും അതു പറഞ്ഞില്ല പക്ഷേ, നിന്റെ ശിഷ്യർക്ക് ഉപവാസവും പ്രായശ്ചിത്തവും വേണ്ടേ?


മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർ ഉപവസിക്കുമോ? മണവാളൻ അകറ്റപ്പെടുന്ന കാലം വരും. അപ്പോൾ അവർ ഉപവസിക്കും.


ആരും പുതിയ വീഞ്ഞു പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചു വയ്ക്കാറില്ല.
അതു ശരിയാണ്.


പുതിയ വീഞ്ഞിനു  പുതിയ കുടങ്ങൾ തന്നെ വേണം.
പക്ഷേ പഴയ വീഞ്ഞാണു  നല്ലതെന്നു നിനക്കറിയാമല്ലോ.


പതിനഞ്ചു വർഷം പഴക്കമുള്ള
വീഞ്ഞാണു വിളമ്പിയിരിക്കുന്നത്.
പഴയതു കുടിച്ചു പരിചയിച്ചവർക്കു
പുതിയതിന്റെ രുചി മനസിലാക്കുക
പ്രയാസമാണ്. പുതിയ നിയമം
രുചിക്കാൻ പുതിയ ഹൃദയങ്ങൾ
തന്നെ വേണം.


അവൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പരസ്യപാപിനിയായ ഒരു സ്ത്രീ അവിടേക്കു കടന്നുവന്നു . അവൾ യേശുവിന്റെ കാൽക്കൽ മുട്ടുകുത്തി കണ്ണീരൊഴുക്കി.
ഹേയ്, സ്ത്രീയേ, കടക്കൂ പുറത്ത്! ഇതു നിന്നെപ്പോലുള്ള വർക്കുള്ള സ്ഥലമല്ല!
ശിമയോൻ, അവിടെ ഇരിക്കൂ.


റബ്ബീ, താങ്കൾക്കറിയാമോ എന്താണിവളുടെ തൊഴിലെന്ന്?
ശിമയോൻ, എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്.


ഒരാൾക്ക് രണ്ട് കടക്കാരുണ്ടായിരുന്നു. ഒരുവൻ
അഞ്ഞുറും മറ്റവൻ അമ്പതും
ദനാറാ കടപ്പെട്ടിരുന്നു.


വീട്ടാൻ കഴിവില്ലാത്തതിനാൽ ഇരുവർക്കും അയാൾ കടം ഇളച്ചു കൊടുത്തു. ആ രണ്ടുപേരിൽ ആരാണ് അയാളെ കൂടുതൽ സ്നേഹിക്കുക?
ആർക്കു കൂടുതൽ ഇളവുചെയ്തോ അയാൾ എന്നു ഞാൻ കരുതുന്നു.


ശരി, ഈ സ്ത്രീയെ നോക്കൂ. ഞാൻ നിന്റെ വീട്ടിൽ വന്നു. കാലു കഴുകാൻ നീ എനിക്കു വെള്ളം തന്നില്ല. ഇവൾ കണ്ണീരു കൊണ്ട് എന്റെ പാദങ്ങൾ കഴുകി.


നീ എന്റെ തലയിൽ തൈലം പൂശിയില്ല, എനിക്കു ചുംബനം നൽകിയില്ല. ഇവളാകട്ടെ എന്റെ പാദങ്ങളിൽ സുഗന്ധ തൈലം പൂശി ചുംബിച്ചു കൊണ്ടിരിക്കുന്നു.


ഞാൻ നിങ്ങളോട് പറയുന്നു ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. അവൾ എത്രയേറെ സ്നേഹിക്കുന്നു എന്നു നോക്കുവിൻ.
?!!


മകളേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. സമാധാനത്തോടെ പോവുക.


ആരോട് അല്പം ക്ഷമിക്കുന്നുവോ അവൻ അല്പം മാത്രം സ്നേഹിക്കുന്നു.
പാപങ്ങൾ ക്ഷമിക്കുന്ന ഇവൻ ആരാണ്?

യഹൂദ നേതൃത്വം യേശുവിനെതിരെ
ഹൃദയമടച്ചു. എതിർപ്പുകൾക്കു
മധ്യേ യേശു
തന്റെ സുവിശേഷപ്രഘോഷണം
തുടർന്നു. വിശ്വസിക്കാൻ
തയ്യാറായവർക്ക് അവൻ സ്വയം
വെളിപ്പെടുത്തി.

അടുത്ത ചിത്രകഥ

# പ്രകൃതിയുടെ നാഥൻ

# ചോദ്യങ്ങൾ

1. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് ഇസ്രയേൽക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന മൂന്ന് ആശയങ്ങൾ ഏവ?
2. അപ്പസ്തോലൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. എന്തിനുവേണ്ടിയാണ് യേശു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത്?
4. "അഷ്ടഭാഗ്യങ്ങൾ" ഏവ?
5. മലയിലെ പ്രസംഗത്തിൽ നിന്ന് നിങ്ങളെ സ്പർശിച്ച എന്തെങ്കിലും ഒരു കാര്യം വിശദമാക്കുക.
6. സ്നാപകന്റെ ശിഷ്യന്മാർക്ക് യേശു എന്ത് ഉത്തരമാണ് നൽകിയത്?
7. തീവ്രവാദികളുടേയും യേശുവിന്റെയും പഠനങ്ങൾ തമ്മിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യത്യാസം എടുത്തു കാട്ടുക.
8. ബേത് സെ യ് ദാ എന്ന പേരിന്റെ അർത്ഥം എന്ത്?
9. വിധവയുടെ മകനെ ഉയർപ്പിച്ചപ്പോൾ ജനം എന്തു പറഞ്ഞാണ് ദൈവത്തെ സ്തുതിച്ചത്?
10. തന്റെ വാക്കനുസരിച്ചു ജീവിക്കുന്നവരെ യേശു ആരോടാണ് ഉപമിച്ചത്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും